**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 380** **01-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെട്ടിരുന്നതും നിലവിൽ സ്റ്റേറ്റ് സർവ്വീസിന്റെ ഭാഗമായിട്ടുള്ളതുമായ തസ്തികയിലെ ജീവനക്കാർക്ക് ഗസറ്റഡ് ഉദ്യോഗസ്ഥർ എന്ന നിലയിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിന് നിയമ തടസ്സമുണ്ടോ; വിശദമാക്കാമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യാവുന്നതാണ്. |
| (ബി) | പ്രസ്തുത പൊതുസർവ്വീസിന്റെ കരട് സ്പെഷ്യൽ റൂളിൽ അപ്പ്ഗ്രേഡ് ചെയ്ത് സ്റ്റേറ്റ് സർവ്വീസ് ആക്കുന്നതിന് ശിപാർശ ചെയ്ത മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തിക അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ തസ്തിക ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. മുനിസിപ്പൽ കോമൺ സർവ്വീസിലെ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തിക അപ്ഗ്രേഡ് ചെയ്ത് സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ച നിവേദനം പരാതി പരിഹാര സെല്ലിന്റെ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ